കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ മന്ദംകാവ് മുത്താംപി റോഡ്

441 [632] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ മന്ദംകാവ് മുത്താംപി റോഡും അണേല ഒറക്കണ്ടം റോഡും പി.ഡബ്ളിയു.ഡി. ഏറെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

പ്രസ്തുത റോഡുകളും ഏറെടുക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

ചാമുണ്ടിക്കുന്ന് പാലുകൽ റോഡിന്റെ പണി

442 [633] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അജാനൂർ പഞ്ചായത്തിലെ ചാമുണ്ടിക്കുന്ന് പാലുകൽ റോഡ് പി. ഡബ്ലിയു. ഡി. വകുപ്പ് ഏറെടുത്ത് പണി ആരംഭിക്കുന്നതിന് നടപടിയെടുക്കുമോ ;

(ബി) റോഡിനു കുറുകെയുള്ള പുഴയ്ക്ക് പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ; പണി എന്നാരംഭിക്കും ?

ഉത്തരം

(എ) സാമ്പത്തിക പരിമിതികളും കാരണം പഞ്ചായത്ത് റോഡുകളും ഏറെടുത്ത് പണി ആരംഭിക്കുന്നതിനു പ്രയാസമുണ്ട്.

(ബി) പ്രസ്തുത പാലം പണിയേണ്ടത് പഞ്ചായത്ത് റോഡിലായതിനാൽ പൊതുമരാമത്ത് വകുപ്പിനു പാലം പണിയുന്നതിനു ബുദ്ധിമുട്ടുണ്ട്.

ചെറുകോൽപ്പുഴ പാലത്തിന്റെ പണി

443 [634] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980-ൽ പണി പൂർത്തിയാകേണ്ട ചെറുകോൽപ്പുഴ പാലത്തിന്റെ പണി ഇതുവരെയും പൂർത്തിയായിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പണി പൂർത്തിയാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാലത്തിന്റെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചുവോ ;

(ഡി) ഈ പാലം പണി ഉടൻ ആരംഭിച്ച് പൂർത്തിയാക്കാൻ ആവശ്യമായ നടപടികളും കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി.) ഉണ്ട്.ഈ പാലത്തിന്റെ പണിക്കുള്ള ആദ്യത്തെകരാർ കോൺട്രാക്ടറുടെ ചെലവിലും ബാദ്ധ്യതയിലും അവസാനിപ്പിക്കുകയും പാലത്തിന്റെ ശേഷിച്ച പണികൾ 27-9-1985-ൽ കേരള സ്റേറേറ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടുവർഷംകൊണ്ട് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly